പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14 — 06.01.2014 ൽ മറുപടിക്ക്

## ലൈംഗിക പീഡനക്കേസുകളിൽ മൊഴി രേഖപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ.ലതിക<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>'' ബാബു എം.പാലിശ്ശേരി<br>,, എം. ചന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) ലൈംഗിക പീഡനക്കേസുകളിൽ ഉൾപ്പെട്ട ഇരകളുടെയും സാക്ഷികളുടെയും മൊഴി രേഖപ്പെടുത്താൻ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ;<br>(ബി) ഇതിനായി ക്രിമിനൽ നടപടി ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും ലൈംഗികപീഡനകേസുകളിൽ ഇരകളുടെയും സാക്ഷികളുടെയും മൊഴിരേഖപ്പെടുത്തുവാൻ ക്രിമിനൽ നടപടി ക്രമത്തിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തന്നെ മജിസ്ട്രേറ്റിന് മതിയായ അധികാരമുണ്ട്. ആയതിനാൽ മൊഴി രേഖപ്പെടുത്തുവാൻ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തുന്നതിനായി ക്രിമിനൽ നടപടി ക്രമത്തിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. |
| (സി) അന്വേഷണ ഏജൻസികളുടെ സമ്മർദ്ദമോ, പ്രേരണയോ മറ്റ് ഇടപെടലുകളോ മൂലം മൊഴി രേഖപ്പെടുത്താതിരിക്കുന്നതും ഭീഷണികൾക്ക് വഴങ്ങി വ്യാജമൊഴി കൊടുക്കുന്നതും സംസ്ഥാനത്ത് ആവർത്തിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ക്രിമിനൽ നടപടി ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ നിർവ്വഹണ ഏജൻസികൾ ഉൾപ്പെടെ അധികാര കേന്ദ്രങ്ങളാൽ സമ്മർദ്ദത്തിലാകുന്ന സാഹചര്യങ്ങൾ കണക്കിലെടുക്കുമോ; വിശദമാക്കുമോ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ